**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പിൽ നിന്നും പ്യൂൺ തസ്തികയിൽ വിരമിച്ച ശേഷം അന്തരിച്ച സുബ്രഹ്മണ്യൻ.സി.കെ-യുടെ കുടുംബപെൻഷൻ ടിയാന്റെ ഭാര്യയായ ശ്രീമതി.സുമന.വി.സി യ്ക്ക് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ. (സാധാ) നമ്പർ.24/2021/തസ്വഭവ, തിരുവനന്തപുരം, തീയതി: 05.01.2021

---

പരാമർശം : 1) സ ഉ (എം.എസ്) നം.356/2000/തസ്വഭവ തീയതി 23/12/2000.
2) ബഹു.കേരളാ ഹൈക്കോടതിയുടെ ഒ.പി. നം.34949/2002 നമ്പർ കേസിന്റെ 24/01/2006-ലെ വിധിന്യായം.
3) സ.ഉ (സാധാ) 2933/2018/തസ്വഭവ തീയതി 17/11/2018.
4) ശ്രീമതി.സുമന.വി.സി സമർപ്പിച്ച 22/03/2019-ലെ അപേക്ഷ.
5) ഗ്രാമവികസന കമ്മീഷണറുടെ 06/07/2019-ലെ 282/എസ്റ്റാ.ഡി4/2019/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിൽ നിന്നും പ്യൂൺ തസ്തികയിൽ വിരമിച്ച ശേഷം അന്തരിച്ച സുബ്രഹ്മണ്യൻ.സി.കെ യുടെ കുടുംബപെൻഷൻ അനുവദിക്കണമെന്നപേക്ഷിച്ചുകൊണ്ട് ടിയാന്റെ ഭാര്യ ശ്രീമതി.സുമന.വി.സി പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (5) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിന് സമർപ്പിച്ചു

സർക്കാർ ഇക്കാര്യം പരിശോധിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജില്ലാ ഗ്രാമവികസന ഏജൻസിയിൽ 12/03/1976-ൽ പ്യൂൺ ആയി സർവ്വീസിൽ പ്രവേശിച്ച സുബ്രഹ്മണ്യൻ.സി.കെ യുടെ സേവനകാലം പരാമർശം 1 ലെ ഉത്തരവ് പ്രകാരം ക്രമീകരിച്ചിരുന്നു. ടി ഉത്തരവിന്റെ ഖണ്ഡിക 3 (iv)-ൽ താഴെ പറയും പ്രകാരം ഉത്തരവായിരുന്നു.

'Rules regarding family pension (Rule 90 Part III KSRs) will not be extended to these provisional hands now regularise'

സമാനമായ വിഷയത്തിൽ ബഹു.കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട ഒ.പി നം.34949/2002 നമ്പർ കേസിന്റെ പരാമർശം 2 ലെ ഉത്തരവിൽ താഴെപ്പറയും പ്രകാരം ഉത്തരവായിട്ടുണ്ട്.

"Petitioners have been regularized in service under the Rural Development Department and admittedly they were conferred with all the benefits with effect from 29/09/1998. Therefore, both

by express inclusion as per Note under Rule 90 (1) and by express non-inclusion under Rule 90 (2) of Part III KSR the petitioners as well as the similarly situated employees covered by Exts.P2 and P3 are entitled to the benefit of family pension. The benefit conferred by KSR cannot be taken away by an executive order, otherwise than as permitted under the Rules. The Rules do not permit the Government to deny the benefit of family pension to a pensioner who satisfies the requirements of Rule 90 (1) and (2). Pension and family pension are two sides of the same coin. Family pension is to the family of the pensioner and that benefit is part and parcel of the pension under Rule 90; the only difference being that the beneficiary is the family of the pensioner. There is no point in denying family pension to a pensioner who is otherwise eligible and entitled to be treated as a pensioner under Part III of KSR. There will hence be a direction to the respondents to grant the benefit of family pension to the petitioners as well as other employees covered by Exts.P2 and P3 government orders. There is no need to drag the other employees who are not before this Court for the above purpose".

മേൽ സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജില്ലാ ഗ്രാമവികസന ഏജൻസിയിൽ പ്യൂൺ ആയി സർവ്വീസിൽ പ്രവേശിച്ച് വിരമിച്ചശേഷം അന്തരിച്ച സുബ്രഹ്മണ്യൻ.സി.കെ യുടെ ഭാര്യ ശ്രീമതി.സുമന.വി.സി ക്ക് പരാമർശം 1-ലെ ഉത്തരവിന്റെ ഖണ്ഡിക 3 (iv) ഇളവ് വരുത്തികൊണ്ട് കുടുംബപെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**നവീൻ കൃഷ്ണൻ.ജി.ഐ**
**അണ്ടർ സെക്രട്ടറി**

1) ശ്രീമതി.സുമന.വി.സി, ചീരോത്ത് ഹൗസ്, മുല്ലശ്ശേരി.പി.ഒ, തൃശ്ശൂർ, 680 509 (ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ), എറണാകുളം.
5) ധനകാര്യവകുപ്പ് (അ.ഔ.നമ്പർ WW1/113/2019/Fin dated 06/09/2019)
6) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7) വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ